# Athmaraksha.org

പ്രത്യേക അവസരങ്ങളിലെ പ്രാർത്ഥനകൾ

## വ്യാപാര സ്ഥാപനങ്ങൾക്കു വേണ്ടി പ്രാർത്ഥന-Business




### വ്യാപാര സ്ഥാപനങ്ങൾക്കു വേണ്ടി പ്രാർത്ഥന

സ്നേഹപിതാവായ ദൈവമെ, നെറ്റിയിലെ വിയർപ്പുകൊണ്ട് അപ്പം ഭക്ഷിക്കുവാൻ പറഞ്ഞ ദൈവമേ ഞങ്ങളുടെ കടയെ (തൊഴിൽ ശാലയെ/വ്യാപാരസ്ഥാപനത്തെ) അങ്ങേയ്ക്ക് സമർപ്പിക്കുന്നു. ഈ തൊഴിൽ നടത്തുന്ന എന്നെയും എന്റെ കുടുംബത്തെയും അനുഗ്രഹിക്കണമെ. എന്റെ കടയിൽ  എന്നെ സഹായിക്കുന്ന എല്ലാ സഹോദരങ്ങളെയും അവരുടെ കുടുംബങ്ങളെയും അനുഗ്രഹിക്കേണമേ. അവരെല്ലാവരും ആത്മാർത്ഥമായി സഹകരിക്കുന്നവരായി മാറട്ടെ. എന്റെ കടയെ (തൊഴിൽ ശാലയെ/വ്യാപാരസ്ഥാപനത്തെ) വളർത്തണമെ. സത്യത്തിലും നീതിയിലും അവിടുത്തെ ഇഷ്ടത്തിനൊത്ത് പ്രവർത്തിക്കുവാനും ഞാനുമായി ഇടപെടുന്ന എല്ലാവരോടും സ്നേഹത്തിലും വിശ്വസ്തതയിലും പെരുമാറുവാനും എന്നെ സഹായിക്കണമെ. നിത്യം പിതാവും  പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ. ആമ്മേൻ.

തിരുവചനം

കർത്താവു നിന്റെ വ്യാപാരങ്ങളെ ഇന്നുമെന്നേക്കും കാത്തുകൊള്ളും (സങ്കീർത്തനങ്ങൾ 121:8).

കർത്താവിൽ പൂർണഹൃദയത്തോടെ വിശ്വാസമർപ്പിക്കുക, സ്വന്തം ബുദ്ധിയെ ആശ്രയിക്കുകയുമരുത്.  നിന്റെ എല്ലാ പ്രവൃത്തികളും ദൈവവിചാരത്തോടെയാകട്ടെ അവിടുന്ന് നിനക്ക് വഴി തെളിച്ച്തരും(സുഭാഷിതങ്ങൾ 3:5-6).

നിന്റെ  പ്രയത്നം കർത്താവിൽ അർപ്പിക്കുക. നിന്റെ പദ്ധതികൾ ഫലമണിയും(സുഭാഷിതങ്ങൾ 16:3).

ഒരുവന്റെ വഴികൾ കർത്താവിന് പ്രീതികരമായിരിക്കുമ്പോൾ ശത്രുക്കൾപോലും അവനോട് ഇണങ്ങിക്കഴിയുന്നു. നീതിപൂർവ്വം നേടിയ ചെറിയ ആദായമാണ് അനീതി വഴി നേടിയ വലിയ ആദായത്തെക്കാൾ വിശിഷ്ടം (സുഭാഷിതങ്ങൾ 16:7-8).

+++